(ഡി) ഈ സമരം തുടരുന്നതുമൂലം പ്രാവപ്പെട്ട കർഷക തൊഴിലാളികൾക്കു പെൻഷൻ കിട്ടുന്നില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) സമരം ഒത്തുതീർപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ലേബർ വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം 2-ാം ഗ്രേഡ് ലേബർ ഓഫീസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം അവസാനിപ്പിക്കുക, അതിനായി പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ പിൻവലിക്കുക, ഡെപ്യൂട്ടി ലേബർ ഓഫീസർ തസ്തികയിലേയ്ക്കു നേരിട്ടു നിയമനം നടത്താനുള്ള നടപടികൾ പുനഃപരിശോധിക്കുക, സേവനകാലം നീട്ടുവാനോ പെൻഷൻ പറ്റിയവർക്കു പുനർ നിയമനം നൽകുവാനോ കൈക്കൊണ്ടിട്ടുള്ള നടപടികൾ പുനഃപരിശോധിക്കുക. ഒഴിവുള്ള തസ്തികകളിൽ ഉടൻ നിയമനം നടത്തുക, ആവശ്യമായ ടൈപ്പിസ്റ്റുകളെയും ക്ലാസ്ഫോർ ജീവനക്കാരേയും നിയമിക്കുക എന്നീ ആവശ്യങ്ങളാണ് സമരക്കാർ ഉന്നയിച്ചിരുന്നത്.

(ബി) സമരം ആരംഭിച്ചത് 16-4-1986 മുതലാണ്.

(സി) 11-6-1986-ൽ തൊഴിൽ വകുപ്പു മന്ത്രി സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിലുണ്ടായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 12-6-1986-മുതൽ സമരം പിൻവലിക്കുകയുണ്ടായി.

(ഡി) സമരം ഉണ്ടായതുമൂലം കർഷകത്തൊഴിലാളികൾക്കു പെൻഷൻ കിട്ടിയില്ലെന്ന ആരോപണം ശരിയല്ല. പെൻഷൻ അയയ്ക്കുന്നതിനുവേണ്ട എല്ലാ നടപടികളും സ്വീകരിച്ചിരുന്നു.

(ഇ) സമരം ഒത്തുതീർപ്പിലെത്തിയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ചാരായ ഷാപ്പുകളും കള്ളുഷാപ്പുകളും ലേലം ചെയ്തു ലഭിച്ച വരുമാനം.

* 100 [102] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി ദയവു മറുപടി നൽകുമോ:

(എ) 1986-87-ൽ ചാരായ ഷാപ്പുകളും കള്ളുഷാപ്പുകളും ലേലം ചെയ്ത വകയിൽ സർക്കാരിന് ലഭിച്ച വരുമാനം എത്ര;

(ബി) ഇതു കഴിഞ്ഞവർഷത്തേക്കാൾ കൂടുതലായിരുന്നുവോ; കുറവായിരുന്നുവോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 70,14,73,785 രൂപ. (എഴുപതു കോടി പതിനാല് ലക്ഷത്തി എഴുപത്തി മുവ്വായിരത്തി എഴുന്നൂറ്റി എൺപത്തഞ്ച് രൂപ)

(ബി) ഇതു കഴിഞ്ഞ വർഷത്തേക്കാൾ 7,51,70,514 രൂപ (ഏഴുകോടി അൻപത്തൊന്നു ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ്റി പതിനാല്) കൂടുതലാണ്.

LIBRARY ARCHIVES Kerala Legislative Assembly